പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2015 26.03.2013 ൽ മറുപടിക്ക്

## പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡുമായി സഹകരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, ഹൈബി ഈഡൻ<br>,, ആർ. സെൽവരാജ്<br>,, എം. പി. വിൻസെന്റ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡുമായി ചേർന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എം.ഒ.യു. ഒപ്പിട്ടിട്ടു ണ്ടോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ വിശദാം ശങ്ങൾ വ്യക്തമാക്കുമോ ; | (എ)യും(ബി)യും<br><br>പെട്രോനെറ്റ് എൽ.എൻ.ജി ലിമിറ്റഡ് (പി.എൽ.എൽ) പുതുവൈപ്പിനിലെ അവരുടെ എൽ.എൻ.ജി ടെർമിനലിനോട് ചേർന്ന് 1200 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത വൈദ്യുത പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പി.എൽ.എൽ.ഉം സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി യും സംയുക്തമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായുള്ള കരട് എം.ഒ.യു, പി.എൽ.എൽ, കെ.എസ്.ഇ.ബിയ്ക്ക് സമർപ്പിച്ചിരുന്നു. എം.ഒ.യു-ൽ അനുശാസിക്കുന്ന നിബന്ധനകൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിനായി കെ.എസ്.ഇ.ബി ഒരു ഹൈ ലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിക്കുള്ള Detailed Feasibility Report തയ്യാറാക്കാനും അതിനുള്ള ചെലവ് പി.എൽ.എൽ -ഉം ആയി തുല്യമായി പങ്കുവയ്ക്കുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

(.....2)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വാതകാധിഷ്ഠിത പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (സി) | ഇല്ല. വാതകാധിഷ്ഠിത പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ എത്രത്തോളം വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്നാണ് കണക്കാക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | 1200 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**